


# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## നിരത്തുകളിൽ ചുങ്കം കൊടുക്കേണ്ടതില്ല

**കേരളത്തിലെ** നിരത്തുകളിൽ ഒരിടത്തും ഒരിക്കലും ഒരു ചുങ്കവും പിരിക്കാൻ അനുവദിക്കരുത്. കാരണം, ഇവിടെ ഓടുന്ന ഒരോ വാഹനവും ഉൽപ്പന്ന നികുതിയും റോഡു നികുതിയും നൽകിയാണ് റോഡിലിറക്കുന്നത്. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോഴും വൻതുക നികുതിയായി നൽകുന്നുണ്ട്. ഈ പണം മാത്രം മതി പാതയും പാലവും പണിയാൻ. നിലവിലുള്ള പാതകൾ എക്സ്പ്രസ് ഹൈവേ ആക്കിമാറ്റുന്നതും അനുവദിക്കരുത്. നാട്ടുപാതകൾ നാട്ടുപാതയായിത്തന്നെ നിലകൊള്ളണം. ഇതുവരെയുണ്ടായിട്ടുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേരളീയർ ചില തീരുമാനങ്ങളെടുക്കേണ്ടതുണ്ട്.

റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനത്തിലാക്കുകയാണെങ്കിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുക തന്നെ ചെയ്യും. പരിഷ്കരിച്ച രാജപാതകളിൽ കാണുന്ന ധൂർത്ത് ഒഴിവാക്കേണ്ടതാണ്. റോഡിനോളം വീതിയുള്ള ഡിവൈഡറും പൂന്തോട്ടവും മറ്റും നമുക്കാവശ്യമില്ല. തൃശൂർ - ഷൊർണ്ണൂർ റോഡുപോലെ ലളിതമായ ഡിവൈഡറുകളും ധൂർത്തിടിക്കാതെയുള്ള സ്ഥലോപയോഗവും മറ്റുമേ നമ്മുടെ സംസ്ഥാനത്തിന് യോജിക്കുകയുള്ളൂ. തിരക്കുപിടിച്ച് എക്സ്പ്രസ് ഹൈവേയുണ്ടാക്കുകയല്ല നമ്മുടെ അടിയന്തിരാവശ്യം. ബസ്ബേയ്ക്ക് ആവശ്യമായ സ്ഥലസൗകര്യമുള്ളിടത്ത് മാത്രം സ്റ്റോപ്പനുവദിക്കുക. ഫുട്പാത്ത്, സൈക്കിൾപാത്ത് എന്നിവ നിർബന്ധമാക്കുക, റോഡ് കൈയേറ്റം തടയുക, ഫുട്പാത്തിലെ കച്ചവടസ്ഥാപനങ്ങൾ പൊളിച്ചുനീക്കുക, ട്രാഫിക് ഐലന്റുകൾ ചെറുതാക്കി നിർമ്മിക്കുക, വാഹനങ്ങൾ തിരിച്ചുവിട്ട് വൺവേയായി കൂടുതൽ ദൂരം ഓടിക്കുന്ന സമ്പ്രദായം നിർത്തുക, 90 ഡിഗ്രി റോഡുകൾക്ക് ഡയഗണൽ ബൈപ്പാസ് നിർമ്മിക്കുക, ജംഗ്ഷനുകളിൽ ബെൽമൗത്ത് സൗകര്യമുണ്ടാക്കുക, റോഡിലെ വെള്ളക്കെട്ടൊഴിവാക്കുക എന്നീ നടപടികൾ ഉടൻ ചെയ്യണം.

സർക്കാർ വകുപ്പുകളുടെ കെടുകാര്യസ്ഥതയിൽ മനംനൊന്ത് പ്രൈവറ്റ് സ്ഥാപനങ്ങളെ സ്വാഗതം ചെയ്ത നമ്മൾ കൈപ്പൊള്ളലറിഞ്ഞു കഴിഞ്ഞു. ഇനി നമുക്ക് സർക്കാർ വകുപ്പുകളിലേക്ക് തിരിച്ചു പോകാം. അവരുക്കൊണ്ടു ജോലിചെയ്യിക്കാം. മുടിങ്കോലെടുത്തു പണിയെടുപ്പിക്കാം. അതിനധികാരമുണ്ട് നമുക്ക്, അവകാശവും. അതിന് നാം ചുങ്കം കൊടുക്കേണ്ടതുമില്ല.

**കെ.ആർ. ഇന്ദിര, തൃശൂർ**


## കേരളീയം മാധ്യമ ശില്പശാല

### സാമൂഹികനീതിക്കായുള്ള മാധ്യമപ്രവർത്തനം: പ്രതിസന്ധികൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ

**2012 മാർച്ച് 2,3,4 – അസീസി ശാന്തികേന്ദ്ര, കറുകുറ്റി, എറണാകുളം**

കേരളീയം മാസികയുടെ ആഭിമുഖ്യത്തിൽ **'സാമൂഹികനീതിക്കായുള്ള മാധ്യമപ്രവർത്തനം: പ്രതിസന്ധികൾ പരിഹാരങ്ങൾ'** എന്ന വിഷയത്തിൽ **2012 മാർച്ച് 2,3,4** തീയതികളിൽ എറണാകുളം ജില്ലയിലെ കറുകുറ്റിയിൽ വച്ച് ഒരു മാധ്യമശില്പശാല സംഘടിപ്പിക്കുന്നു. മാധ്യമങ്ങൾ ഇടപെടുകയും ഇടംനൽകുകയും ചെയ്ത സാമൂഹിക വിഷയങ്ങളിൽ മിക്കതും പരിഹരിക്കപ്പെടാതെ തുടരുകയും സാമൂഹികനീതി ഉറപ്പാക്കുന്നതിൽ മാധ്യമപ്രവർത്തനം തുടർച്ചയായി പരാജയപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ നമുക്ക് ഒത്തൊരുമിച്ച് എന്തുചെയ്യാം എന്നതിനെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കും സംവാദങ്ങൾക്കും തുടക്കമിടുക എന്നതാണ് ക്യാമ്പിലൂടെ ഉദ്ദേശിക്കുന്നത്.

**പ്ലാച്ചിമട** (ജലചൂഷണം, മലിനീകരണം, കോർപ്പറേറ്റ് വികസനനയങ്ങൾ, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം) **എൻഡോസൾഫാൻ** (രാസ-കീടനാശിനികളുടെ പ്രയോഗം, പ്ലാന്റേഷനുകൾ, ജൈവപുനഃസ്ഥാപനം) **മുല്ലപ്പെരിയാർ/അതിരപ്പിള്ളി** (പുഴ, വനം, പശ്ചിമഘട്ടം, ജലസേചനം) **കാതിക്കുടം, പെരിയാർ, പമ്പ, വേമ്പനാട് കായൽ** (പുഴ മലിനീകരണം, വ്യവസായങ്ങൾ, നീർത്തട സംരക്ഷണം, ടൂറിസം) **മുത്തങ്ങ, ചെങ്ങറ** (ഭൂമി, ഭൂവിനിയോഗം, അധികാരം, ആദിവാസി വനാവകാശം) **മൂലമ്പിള്ളി, ദേശീയപാത വികസനം** (കുടിയൊഴിപ്പിക്കൽ, പുനരധിവാസം, ബി.ഒ.ടി, പ്രത്യേക സാമ്പത്തിക മേഖലകൾ, വികസന കാഴ്ചപ്പാട്) തുടങ്ങിയ ജനകീയ സമരങ്ങളെയും അവ പ്രതിനിധീകരിക്കുന്ന വിഷയങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണ് ക്യാമ്പിൽ സംവാദങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ഈ ജനകീയ സമരങ്ങളെയും അവ മുന്നോട്ട് വയ്ക്കുന്ന സാമൂഹിക വിഷയങ്ങളെയും മാധ്യമങ്ങൾ എങ്ങനെയാണ് പ്രതിനിധാനം ചെയ്തത്? എങ്ങനെയാണ് വേണ്ടിയിരുന്നത്? എന്താണ് മാധ്യമങ്ങൾക്ക് ഈ വിഷയങ്ങളിൽ ചെയ്യാൻ കഴിയുന്നത്? കോർപ്പറേറ്റ് വികസനവും കേരള യാഥാർത്ഥ്യവും നമ്മുടെ മുന്നിലുള്ള വെല്ലുവിളികൾ എന്തെല്ലാം, എങ്ങനെ നേരിടും? എന്ന ആലോചനകളിലൂടെയാണ് സംവാദങ്ങൾ വികസിക്കുന്നത്.

ജനകീയസമരപ്രവർത്തകർ, സാമൂഹികപ്രവർത്തകർ, മാധ്യമപ്രവർത്തകർ, മാധ്യമവിദ്യാർത്ഥികൾ, മാധ്യമ-സാമൂഹിക വിദഗ്ധർ എന്നിവരാണ് ആശയങ്ങളും അഭിപ്രായങ്ങളും ക്യാമ്പിൽ പങ്കുവയ്ക്കുന്നത്. ശില്പശാലയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ മൂന്ന് ദിവസവും പങ്കെടുക്കുമെന്നും സജീവമായി ഇടപെടുമെന്നും പ്രതീക്ഷിക്കുന്നു. 60 അംഗങ്ങളെയാണ് ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്.

ബന്ധങ്ങൾക്ക്: 0487 2421385, 9446576943